# ഒന്നര മാസം 17 തെങ്ങിൽ നിന്ന് നീരയിലൂടെ നേടിയത് 46,048 രൂപ

കൊച്ചി: കേര കർഷകന് നീരയിലൂടെ ഒരു തെങ്ങിൽ നിന്ന് ഒരു മാസം കൊണ്ട് കിട്ടിയത് ശരാശരി 1800 രൂപ. 17 തെങ്ങുകൾ ടാപ്പ് ചെയ്തതുവഴി പാലക്കാട് സ്വദേശി ടോം തോമസ് ഒന്നര മാസത്തെ നീരയ്ക്ക് പ്രതിഫലമായി 46,048 രൂപ നേടി. മാസം 1500 എന്ന കണക്കിൽ നിന്ന് ഉയർന്നാണ് നീരയുടെ വരുമാനം 1800-ൽ എത്തി നിൽക്കുന്നത്.

പാലക്കാട് നാളികേര ഉത്പാദക കമ്പനിയുടെ കീഴിലുള്ള മുതലമട ഫെഡറേഷനാണ് ഇപ്പോൾ നീര ടാപ്പ് ചെയ്യുന്നത്. ബാക്കി 10 ഫെഡറേഷനുകൾക്ക് ഈ മാസം തന്നെ നീര ഉത്പാദനത്തിനുള്ള ലൈസൻസ് ലഭിക്കും.

മുതലമടയിൽ മാർക്ക് ചെയ്ത 1500 തെങ്ങുകളിൽ 250 എണ്ണത്തിൽ നിന്ന് നീര ടാപ്പിങ് തുടരുന്നു. ലഭിക്കുന്ന നീര അത്രയും വൈറ്റില ഹബ്ബിലെ നീര പാർലർ വഴി വിൽപന നടത്തുന്നു. 200 മില്ലിക്ക് 25 രൂപയാണ് വില. മറൈൻ ഡ്രൈവിലും നീര പാർലർ ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു.